*⇨ പാരിസ്ഥിതിക ദുരന്തത്തിന്റെ വ്യാപ്തി ജനാധിപത്യ പ്രക്രിയയ്ക്ക് തിരിച്ചറിയാൻ കഴിയുന്നില്ല ⇨*

## ഗാഡ്ഗിൽ റിപ്പോർട്ട്:

# എതിർപ്പുകൾക്ക് കാരണം ധനകേന്ദ്രീകൃത ശീലങ്ങൾ

പാരിസ്ഥിതികമായ ഭരണവ്യവസ്ഥയിലേക്ക് സമൂഹവും ഭരണസംവിധാനങ്ങളും മാറണമെങ്കിൽ നമ്മൾ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന ദുരന്തത്തിന്റെ വ്യാപ്തി എന്താണ് എന്നതിനെക്കുറിച്ചുള്ള ആഴത്തിലുള്ള ധാരണ സമൂഹത്തിലുണ്ടാകണം. നിലവിൽ അതില്ലാത്തതുകൊണ്ടാണ് ഗാഡ്ഗിൽ റിപ്പോർട്ടിനെതിരെ പഞ്ചായത്തുകൾ ഇത്രയും മാരകമായ രീതിയിൽ പ്രതികരിക്കുന്നത്.

**എബി ജോർജ്ജ് / കേരളീയം**

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനിൽ (കില) പ്രൊഫസറായിരുന്ന എബി ജോർജ്ജ് ഇപ്പോൾ ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസിൽ അധ്യാപകനാണ്.

**കേരളത്തിലെ നിരവധി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പശ്ചിമഘട്ട ഗാഡ്ഗിൽ റിപ്പോർട്ടിനെ എതിർത്തുകൊണ്ട് മുന്നോട്ട് വന്നിട്ടുണ്ട്. തങ്ങളുടെ പ്രദേശത്തിന്റെ വികസനത്തിന് റിപ്പോർട്ട് തടസ്സമാകുമെന്നാണ് ഇവർ ഉയർത്തുന്ന വാദം. എന്താണ് ഇവർ ഇത്തരമൊരു നിലപാട് സ്വീകരിക്കാൻ കാരണം? ധനകേന്ദ്രീകൃത ആസൂത്രണ പ്രക്രിയയിൽ നിന്നും പാരിസ്ഥിതിക ആസൂത്രണ വ്യവസ്ഥയിലേക്കുള്ള മാറ്റത്തിന്റെ ഭാഗമായുണ്ടാകുന്ന സംഘർഷങ്ങളാണോ ഇപ്പോൾ നടക്കുന്നത്?**

പല പഞ്ചായത്തുകളും ഗാഡ്ഗിൽ റിപ്പോർട്ടിനെതിരെ ഇപ്പോളുയർത്തുന്ന തടസ്സവാദങ്ങൾ പാരിസ്ഥിതികമായ ഭരണവ്യവസ്ഥയിലേക്ക് മാറുന്നതിന്റെ ഭാഗമായുള്ള സംഘർഷമായി തീർച്ചയായും വിലയിരുത്താം. നമ്മൾ തുടർന്നുവരുന്ന ജനാധിപത്യ പ്രക്രിയയുടെ ചരിത്രം പരിശോധിച്ചാൽ ഇത്തരമൊരു സംഘർഷമുണ്ടാകുന്നത് സ്വാഭാവികമാണ് എന്ന് മനസ്സിലാക്കാൻ കഴിയും. എന്നാൽ അത് പരിഹരിക്കപ്പെടുന്നില്ല എന്നത് ഗുരുതരമായ വിഷയമാണ്. നമ്മൾ ഇന്ന് കാണുന്ന ജനാധിപത്യ പ്രക്രിയ പോലും വിഭവങ്ങളെ ചൂഷണം ചെയ്ത്, മാസ് പ്രൊഡക്ഷൻ നടത്തി, പല തരത്തിലുള്ള മാർക്കറ്റിംഗ് സങ്കേതങ്ങൾ ഉപയോഗിച്ച് അവയെ കച്ചവടം ചെയ്യുന്ന ഒരു വ്യാവസായിക സമൂഹത്തിന്റെ തുടർച്ചയായി പരിണമിച്ചുവന്നതാണ്. അതുകൊണ്ടുതന്നെ, വീണ്ടുവിചാരമില്ലാതെ വിഭവങ്ങൾ ചൂഷണം ചെയ്യുന്നതും മലിനീകരണം നടത്തുന്നതും പരമാവധി യന്ത്രവത്കരിച്ച് ഉത്പാദനം കൂട്ടുന്നതുമൊന്നും പ്രശ്നമല്ല എന്ന് കരുതുന്ന ഒരു ജനാധിപത്യ പ്രക്രിയയാണ് ഇന്ന് നിലനിൽക്കുന്നത്. പാരിസ്ഥിതിക ദുരന്തത്തിന്റെ വ്യാപ്തി അതിന് തിരിച്ചറിയാൻ കഴിയുന്നില്ല. അതുകൊണ്ടാണ് പശ്ചിമഘട്ടത്തിന്റെ പ്രാധാന്യമെന്താണെന്ന് പോലും നമുക്ക് മനസ്സിലാകാത്തത്.

അറബിക്കടലിന്റെ കാര്യം തന്നെയെടുക്കാം. കന്യാകുമാരിയിൽ നിന്നും തുടങ്ങി, കേരളത്തിന്റെ ഓരത്തുകൂടി കടന്നുപോയി, കർണ്ണാടക, മഹാരാഷ്ട്ര, ഗുജറാത്ത് സംസ്ഥാനങ്ങൾ പിന്നിട്ട് പാകിസ്ഥാന്റെ

⇨ *പാരിസ്ഥിതിക വിഷയങ്ങൾ ചർച്ച ചെയ്യുന്ന ഒരു അന്തരീക്ഷം ഗാഡ്ഗിൽ റിപ്പോർട്ടിനെ തുടർന്ന് ഉണ്ടായിട്ടുണ്ട്* ⇨



പശ്ചിമഘട്ടത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രാധാന്യം

യും അറബ് രാജ്യങ്ങളുടെയും തുടർന്ന് ആഫ്രിക്കയുടെ കിഴക്കൻ തീരത്തുള്ള രാജ്യങ്ങളുടെയും അതിർത്തിയിലായി വ്യാപിച്ചുകിടക്കുന്നതാണ് അറബിക്കടലിന്റെ ഭൂമിശാസ്ത്രം. ഭൂപടം പരിശോധിക്കുകയാണെങ്കിൽ അറബിക്കടലെന്ന ഈ വലിയ ജൈവവ്യവസ്ഥയിലേക്ക് ജീവൻ ഊതിക്കൊടുക്കുന്നത് പശ്ചിമഘട്ടത്തിൽ നിന്നും എത്തുന്ന നദികളാണെന്ന് കാണാൻ കഴിയും. പശ്ചിമഘട്ടത്തിലെ കാടുകളിൽ നിന്നും വരുന്ന എക്കലിലെ മൂലകങ്ങളാണ് ഇത്രയും രാജ്യങ്ങളുമായി അതിരുപങ്കിടുന്ന അറബിക്കടലിനെ ഉയിരോടെ നിലനിർത്തുന്നത്. കാരണം അറബിക്കടലിന്റെ തീരത്ത് ഇന്ന് ആകെ പച്ചപ്പ് അവശേഷിക്കുന്ന സ്ഥലം പശ്ചിമഘട്ട പ്രദേശങ്ങൾ മാത്രമാണ്. കടലിന്റെ അതിരിലുള്ള മറ്റ് പ്രദേശങ്ങളെല്ലാം മരുഭൂമികളാണെന്ന് ഭൂപടത്തിൽ നിന്നും നമുക്ക് വ്യക്തമാകും. ഇത്രയും വലിയ ഒരു പ്രദേശത്തിന്റെ പാരിസ്ഥിതിക സന്തുലനാവസ്ഥയെ നിയന്ത്രിക്കുന്ന അറബിക്കടലും ഇന്ന് മൃതാവസ്ഥയിലാണ്. പശ്ചിമഘട്ടത്തിന്റെ പ്രാധാന്യം ഈ വ്യാപ്തിയിൽ നിന്നുകൊണ്ടാണ് നമ്മൾ മനസ്സിലാക്കേണ്ടത്. ദൗർഭാഗ്യവശാൽ അത്തരമൊരു മനസ്സിലാക്കൽ ഇവിടെ നടക്കുന്നില്ല. കാടിന്റെ ധർമ്മം നിർവഹിക്കാൻ കഴിയുന്ന കാട് ഇന്ന് പശ്ചിമഘട്ടത്തിൽ അവശേഷിക്കുന്നില്ല. അതുണ്ടാക്കുന്ന ദുരന്തത്തിന്റെ വ്യാപ്തി അറിയാത്തതുകൊണ്ടാണ് പത്ത് മരം നടുന്നതിലും ഒരു കാവ് സംരക്ഷിക്കുന്നതിലുമെല്ലാം നമ്മൾ സന്തോഷം കണ്ടെത്തുന്നത്. ഐ.സി.യുവിൽ മരിക്കാൻ കിടക്കുന്ന ഒരു രോഗിയുടെ കാലിലെ ഒരു ചെറിയ മുറിവുണക്കാൻ മരുന്ന് പുരട്ടുന്നതുപോലെയുള്ള ഫലം മാത്രമെ ഈ പരിപാടികളിലൂടെ ഉണ്ടാകുന്നുള്ളൂ.

പാരിസ്ഥിതികമായ ഒരു ഭരണവ്യവസ്ഥയിലേക്ക് സമൂഹവും ഭരണസംവിധാനങ്ങളും മാറണമെങ്കിൽ നമ്മൾ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന ഈ ദുരന്തത്തിന്റെ വ്യാപ്തി എന്താണ് എന്നതിനെക്കുറിച്ചുള്ള ആഴത്തിലുള്ള ധാരണ സമൂഹത്തിലുണ്ടാകണം. നിലവിൽ അതില്ലാത്തതുകൊണ്ടാണ് ഗാഡ്ഗിൽ റിപ്പോർട്ടിനെതിരെ പഞ്ചായത്തുകൾ ഇത്രയും മാരകമായ രീതിയിൽ പ്രതികരിക്കുന്നത്. കാര്യങ്ങൾ നിർദ്ദോഷകരമായി മുന്നോട്ട് പോകും എന്ന തരത്തിലുള്ള ഒരു മാനസികാവസ്ഥയിൽ കേരള സമൂഹം ബന്ധിക്കപ്പെട്ടിരിക്കുകയാണ്. യാഥാർത്ഥ്യം അതല്ല. ഗാഡ്ഗിൽ റിപ്പോർട്ട് പറയുന്ന കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യാൻ കഴിയാത്ത അവസ്ഥയിലാണ് നമ്മളുള്ളത്. ഇപ്പോൾ നടക്കുന്ന കാര്യങ്ങളെല്ലാം പരിവർത്തനത്തിന്റെ ഭാഗമായുള്ള പ്രതിരോധങ്ങളാണ് (transition resistance). നിലവിലെ അവസ്ഥയിൽ നിന്നും മാറാനുള്ള ഒരു വിഷമം എന്ന് പറയാം. ചില ഉറപ്പിക്കലുകളിൽ (fixation) സമൂഹം തറഞ്ഞിരിക്കുകയാണ്. മാറ്റത്തെക്കുറിച്ച് ആലോചിക്കാൻ പോലും കഴിയുന്നില്ല. ജൈവകൃഷിയോ, അത് ചെയ്താൽ വിജയിക്കുമോ? എന്നതാണ് ഇപ്പോൾ നമ്മുടെ സംശയം. എന്നാൽ എത്രയോ കാലത്തെ ബോധപൂർവ്വമുള്ള പരിവർത്തനത്തിന്റെ ഭാഗമായാണ് മനുഷ്യസമൂഹം രാസ-കീടനാശിനികൾ ഉപയോഗിച്ചുള്ള കൃഷിയിലേക്ക് എത്തിയതെന്ന് നമ്മൾ മറന്നുപോകുന്നു. ഉറച്ചിരിക്കുന്ന ഈ മാനസികാവസ്ഥകളിൽ നിന്നും സമൂഹം മാറിവരണമെങ്കിൽ നമ്മൾ എത്തിച്ചേർന്നിരിക്കുന്ന പാരിസ്ഥിതിക ദുരന്തത്തിന്റെ വ്യാപ്തി എന്താണെന്ന് അവരെ ബോധ്യപ്പെടുത്തേണ്ടിവരും. അതിനുള്ള പ്രവർത്തനങ്ങളാണ് കേരളത്തിലെ പരിസ്ഥിതി പ്രസ്ഥാനങ്ങൾ നടത്തേണ്ടത്. ഗാഡ്ഗിൽ റിപ്പോർട്ട് അതിനുള്ള അവസരമായെടുക്കണം. കേരളം മുഴുവൻ പാരിസ്ഥി

തിക വിഷയങ്ങൾ ചർച്ച ചെയ്യുന്ന ഒരു അന്തരീക്ഷം ഗാഡ്ഗിൽ റിപ്പോർട്ടിനെ തുടർന്ന് ഉണ്ടായിട്ടുണ്ട്. ജനങ്ങളെയും ജനപ്രതിനിധികളെയും ഇത്തരം കാര്യങ്ങൾ ബോധ്യപ്പെടുത്തുന്നതുവരെ നിലവിലുള്ള ധനകേന്ദ്രീകൃത ഭരണവ്യവസ്ഥയിൽ നിന്നുള്ള മാറ്റത്തെക്കുറിച്ച് അവർ ആശങ്കാകുലരായിരിക്കും.

**അധികാര വികേന്ദ്രീകരണ സംവിധാനത്തെക്കുറിച്ചുള്ള ആലോചനകൾ കേരളത്തിൽ നടക്കുന്ന കാലത്ത് പാരിസ്ഥിതിക ഭരണവ്യവസ്ഥയെക്കുറിച്ചുള്ള ചർച്ചകൾ നടന്നിട്ടുണ്ടോ?**

കേരളത്തിൽ നടപ്പിലാക്കിയ അധികാര വികേന്ദ്രീകരണ സംവിധാനത്തിന് പ്രകൃതി വിഭവങ്ങളുടെ സംരക്ഷണം എന്ന വിഷയത്തിൽ ഊന്നൽ നൽകാൻ കഴിഞ്ഞിട്ടില്ല. ബജറ്റ് തുകയുടെ മൂന്നിലൊരു ഭാഗം പഞ്ചായത്തുകൾക്ക് നൽകുക മാത്രമാണ് നടന്നത്. ആ പണം എന്തിന് ഉപയോഗിക്കണം എന്നതിനെക്കുറിച്ച് വ്യക്തതയുണ്ടായിരുന്നില്ല. കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കണമെന്നെല്ലാം ചില കാര്യങ്ങൾ അന്ന് പറഞ്ഞിരുന്നെങ്കിലും കുളത്തിന് മതിലുകെട്ടുന്നതുപോലെയുള്ള പ്രവർത്തികളാണ് സംരക്ഷണം എന്നാണ് പലരും ധരിച്ചിരിക്കുന്നത്. വെള്ളത്തിന്റെ ലഭ്യത ഉറപ്പുവരുത്തുന്ന പാരിസ്ഥിതിക സംരക്ഷണ പ്രവർത്തനങ്ങൾ എങ്ങനെയെല്ലാം നടപ്പിലാക്കാം എന്നതിലേക്ക് ആലോചനകൾ അന്നും ഇന്നും പോയിട്ടില്ല. നീർത്തട പദ്ധതികളുടെ പേരിൽ പോലും ചെക്ക്ഡാമുകൾ കെട്ടുകയാണ് കേരളത്തിൽ ബഹുഭൂരിപക്ഷം സ്ഥലങ്ങളിലും ഉണ്ടായിരിക്കുന്നത്.

ധനകേന്ദ്രീകൃതമായ ഒരു ഭരണവ്യവസ്ഥയുടെ ശീലങ്ങൾ തന്നെയാണ് അധികാര വികേന്ദ്രീകരണത്തെ തുടർന്ന് തദ്ദേശീയ ഭരണകൂടങ്ങളും പിന്തുടർന്നത്. ധനകേന്ദ്രീകൃത വ്യവസ്ഥയാണ് ഇന്ന് ലോകത്തെവിടെയും ശ്രേഷ്ഠസ്ഥാനത്ത് പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ആ സ്വാധീനത്തിൽ നിന്നും മുക്തമല്ല. പക്ഷെ, നമ്മുടെ പാരിസ്ഥിതിക വ്യവസ്ഥ ധനകേന്ദ്രീകൃത വ്യവസ്ഥയുടെ ശീലങ്ങൾക്കനുസരിച്ചല്ല പ്രവർത്തിക്കുന്നത്. വിഭവങ്ങളെ പരമാവധി ചൂഷണം ചെയ്ത് ലാഭമുണ്ടാക്കുക എന്നതാണ് ധനകേന്ദ്രീകൃത വ്യവസ്ഥയുടെ അടിസ്ഥാനം. എന്നാൽ പാരിസ്ഥിതിക വ്യവസ്ഥ വിഭവങ്ങളുടെ സംരക്ഷണത്തിനാണ് ഊന്നൽ നൽകുന്നത്. രണ്ട് വ്യവസ്ഥകളും തമ്മലുള്ള സംഘർഷം ഒന്ന് ലോകമെമ്പാടും നമുക്ക് കാണാൻ കഴിയും.

**ഗാഡ്ഗിൽ റിപ്പോർട്ട് പശ്ചിമഘട്ടത്തെ പ്രദേശങ്ങളെ മൂന്ന് മേഖലകളായാണ് തിരിച്ചിരിക്കുന്നത്. അതിൽ ചില പ്രദേശങ്ങൾ വളരെ ലോലമായതുകൊണ്ട് പല മാനുഷിക ഇടപെടലുകളും അവിടെ നിയന്ത്രിച്ചിട്ടുമുണ്ട്. ഇത്തരത്തിൽ, ജനവാസ മേഖലകളിലെ ചില പ്രദേശങ്ങളെ സംരക്ഷിത പ്രദേശങ്ങളായും റിപ്പോർട്ട് മാറ്റിനിർത്തിയിട്ടുണ്ട്. അത് സമൂഹത്തിൽ ഒരു ഭിന്നത സൃഷ്ടിക്കുന്നില്ലേ? മലയോര മേഖലയിലെ ജനങ്ങൾക്ക് തങ്ങൾ കൂടുതൽ വില കൊടുക്കേണ്ടി വരുന്നതായി തോന്നുന്നില്ലേ? മറുവശത്ത് ലോലപ്രദേശത്തിന് പുറത്തുള്ള സ്ഥലത്ത് ലുലുഷോപ്പിംഗ് മാളുപോലെയുള്ള, വലിയ തോതിൽ വിഭവങ്ങൾ ഉപയോഗിക്കുന്ന സംരംഭങ്ങളാണല്ലോ വരുന്നത്. അവിടെ ഒരു വൈരുദ്ധ്യം നിലനിൽക്കുന്നില്ലേ?**

സമൂഹത്തിന്റെ ആകെ സംരക്ഷണത്തിന് തങ്ങൾ കൂടുതൽ വിലകൊടുക്കേണ്ടി വരുന്നതായി മലയോര ജനതയ്ക്ക് തോന്നിയതുകൊണ്ടാണ് അവർ റിപ്പോർട്ടിനെതിരെ വരുന്നത്. അത് ശരിയാണ്. പക്ഷെ, പാരിസ്ഥിതികമായ ഒരു ഏകകത്തിൽ നിന്നുകൊണ്ട് പരിശോധിക്കുമ്പോൾ അത് ശരിയല്ല. പരിസ്ഥിതി ലോല പ്രദേശങ്ങളും അത്ര ലോലമല്ലാത്ത പ്രദേശങ്ങളും സമ്മിശ്രമായാണ് ഭൂമിയിലുള്ളത്. പരിസ്ഥിതി ലോല പ്രദേശത്തിനുള്ള പാരിസ്ഥിതിക മൂല്യം മറ്റ് പ്രദേശത്തിനുണ്ടാകില്ല. ഭൂമിയെക്കുറിച്ചുള്ള പാരിസ്ഥിതികമായ മനസ്സിലാക്കലിന്റെ അന്തഃസത്ത അതാണ്. ഉദാഹരണമായി സമതലത്തിലുള്ള ഒരു വയൽ നികത്തുന്നതുപോലെയല്ല, കാട്ടിലുള്ള വയലിന് സമാനമായ ഒരു ചതുപ്പ് നികത്തുന്നത്. കാരണം കാട്ടിനുള്ളിലെ വനചതുപ്പുകളിൽ സംഭരിച്ച് വയ്ക്കപ്പെടുന്ന വെള്ളമാണ് താഴ്‌വരകളെയും ജീവിപ്പിക്കുന്നത്. പാരിസ്ഥിതികമായി ചില പ്രദേശങ്ങൾക്ക് കൂടുതൽ പ്രാധാന്യമുണ്ട്. നിലവിലുള്ള ഭരണവ്യവസ്ഥ സാമ്പത്തികവും രാഷ്ട്രീയവുമായ പ്രാധാന്യങ്ങളുടെ അടിസ്ഥാനത്തിലാണ് ഓരോ സ്ഥലത്തെയും വിലയിരുത്തുന്നത്. അതുകൊണ്ടാണ് വി.എസ്. അച്യുതാനന്ദൻ മൂന്നാർ ഓപ്പറേഷന് പ്രാമുഖ്യം നൽകിയത്. മൂന്നാറിന് പാരിസ്ഥിതിക പ്രാധാന്യത്തേക്കാൾ രാഷ്ട്രീയ പ്രാധാന്യമാണ് കൂടുതലുണ്ടായിരുന്നത്. പൂയംകുട്ടി വനമേഖലയിൽ ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റിന് വേണ്ടി ഇപ്പോഴും ഈറ്റ വെട്ടിക്കൊണ്ടിരിക്കുന്ന സ്ഥലമുണ്ട്. പാരിസ്ഥിതി

### പ്രതിഷേധം തുടരുന്നു

ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് ചർച്ച ചെയ്യുന്നതിനായി കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൻ അഡ്മിനിസ്ട്രേഷൻ (കില) 2013 ജൂൺ 6ന് വിളിച്ചു ചേർത്ത യോഗം 13 പഞ്ചായത്തുകൾ ബഹിഷ്കരിച്ചു. റിപ്പോർട്ട് നടപ്പിലാക്കാനുള്ള ശ്രമമാണ് കില നടത്തുന്നതെന്ന് ആരോപിച്ചാണ് യോഗം തുടങ്ങുമ്പോൾ തന്നെ പഞ്ചായത്ത് പ്രസിഡന്റുമാർ ബഹളം വച്ച് ഇറങ്ങിപ്പോയത്. ഈ സമയം പ്രൊഫ. മാധവ് ഗാഡ്ഗിൽ, ഡോ.വി.എസ്. വിജയൻ എന്നിവർ വേദിയിലുണ്ടായിരുന്നു.

കമായി നോക്കിയാൽ അത് തടയുന്നതാണ് കുറച്ചുകൂടി പ്രധാനമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

പാരിസ്ഥിതിക പ്രാധാന്യത്തിന്റെ അടിസ്ഥാനത്തിൽ ഓരോ പ്രദേശത്തും സംരക്ഷണ-വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനെക്കുറിച്ചാണ് ഗാഡ്ഗിൽ റിപ്പോർട്ട് പറയുന്നത്. അതുകൊണ്ടാണ് അതീവ ലോലമായ ചില പ്രദേശങ്ങളുടെ സംരക്ഷണത്തെക്കുറിച്ച് പ്രത്യേകം എടുത്തുപറയേണ്ടിവരുന്നത്. പരിസ്ഥിതി ലോല പ്രദേശങ്ങളിൽ ജീവിക്കുന്നവർ അവരുടെ ചുറ്റുപാടുകളോട് ചില കടമകൾ നിറവേറ്റാൻ ബാധ്യസ്ഥരാണ്. കാട് നമ്മുടെ അടുത്തേക്ക് ഇറങ്ങിവന്നതല്ല, നമ്മൾ കാടിനടുത്തേക്ക് കയറി ചെന്നവരാണ് എന്ന കാര്യം അത്ര പെട്ടെന്ന് മറക്കരുത്. പരിസ്ഥിതി ലോല പ്രദേശത്ത് ജീവിക്കുന്നവർക്ക് അധികമായി ഏറ്റെടുക്കേണ്ടിവരുന്ന ബാധ്യതകൾ അൽപ്പം പങ്കുവയ്ക്കാൻ സമൂഹവും തയ്യാറാകണം. ജീവിത ക്രമത്തെ അത്തരത്തിൽ മാറ്റുന്നതുകൊണ്ട് അവർക്ക് എന്തെങ്കിലും നഷ്ടം വരാതെ നോക്കാനുള്ള ബാധ്യത പൊതുസമൂഹത്തിനുണ്ട്. പാരിസ്ഥിതിക സേവനങ്ങൾക്ക് പിന്തുണ നൽകുക എന്നത് പാരിസ്ഥിതിക ഭരണവ്യവസ്ഥയിലെ സുപ്രധാനമായ ഒരു സംഗതിയാണ്.

ലുലുഷോപ്പിംഗ് മാളിന്റെ കാര്യം സൂചിപ്പിച്ചതുകൊണ്ട് പറയാം. അത്തരം പ്രവർത്തനങ്ങളെ പാരിസ്ഥിതിക ലോല പ്രദേശത്തല്ല നടക്കുന്നത് എന്നതിന്റെ പേരിൽ ന്യായീകരിക്കാൻ കഴിയില്ല. കാർബണിക ഇടത്തിന്റെ (carbon space) അടിസ്ഥാനത്തിലാണ് അവ വിലയിരുത്തപ്പെടേണ്ടത്. കാലവസ്ഥാ വ്യതിയാനത്തെ തുടർന്ന് ആഗോളമായി ഉയർന്നുവരുന്ന ഒരു സങ്കൽപ്പമാണ് കാർബണിക ഇടം. ഓരോരുത്തർക്കും ഒരു നിശ്ചിത കാർബണിക ഇടം മാത്രമാണ് ഭൂമിയിൽ അനുവദിക്കപ്പെട്ടിട്ടുള്ളത്. അതിൽ കൂടുതൽ കാർബണിക ഇടം ഉപയോഗിക്കാൻ അനുവദിക്കരുത്. വികസനപ്രവർത്തനങ്ങൾ അത്തരത്തിൽ വിലയിരുത്തപ്പെടേണ്ട അവസ്ഥയിലാണ് നമ്മൾ എത്തിനിൽക്കുന്നത്. അത്തരം ചർച്ചകൾക്കുള്ള ഇടമായും ഗാഡ്ഗിൽ റിപ്പോർട്ടിനെ ഉപയോഗിക്കാവുന്നതാണ്.

**റിപ്പോർട്ട് തയ്യാറാക്കുന്നതിന് മുന്നോടിയായി മാധവ് ഗാഡ്ഗിലും സംഘവും തെളിവെടുപ്പിനായെത്തിയപ്പോൾ മഹാരാഷ്ട്രയിലെയും ഗോവയിലെയുമെല്ലാം ജനങ്ങൾ ഗാഡ്ഗിലിനോട് തങ്ങളെയും കൂടി പാരിസ്ഥിതിക ലോല പ്രദേശത്തിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടതായി അദ്ദേഹം പറഞ്ഞിട്ടുണ്ട്. അതേ സമയം കേരളത്തിൽ തെളിവെടുപ്പിനായെത്തിയപ്പോൾ ഇടുക്കിയിൽ ജനങ്ങൾ സംഘടിതരായി ഗാഡ്ഗിലിനെയും വി.എസ്. വിജയനേയും നേരിടാൻ നിന്നതായും കേട്ടിട്ടുണ്ട്. ഈ വ്യത്യാസം എങ്ങനെ വരുന്നു?**

മഹാരാഷ്ട്രയിലും ഗോവയിലുമെല്ലാം ഖനികളുണ്ടാക്കുന്ന ദുരന്തം അത്രയ്ക്ക് പ്രത്യക്ഷമാണ്. കൺമുന്നിലാണ് മലകൾ കാണാതാകുന്നത്. അതുകൊണ്ട് ഗാഡ്ഗിൽ റിപ്പോർട്ടിനെ എങ്ങനെയെങ്കിലും രക്ഷപെടാനുള്ള ഒരുപാധിയായാണ് അവിടെയുള്ള ജനങ്ങൾ കണ്ടത്. അത്തരമൊരു സാഹചര്യം കേരളത്തിലില്ല. അത്തരം ഖനികളും ഇവിടെയില്ല. ക്വാറികളുണ്ടാക്കുന്ന ദുരന്തങ്ങളൊന്നും അത്ര വ്യാപകമായി തെളിഞ്ഞു കണ്ടുതുടങ്ങിയിട്ടില്ല. കുടിവെള്ളം കുറയുന്നുണ്ടാകാം. പക്ഷെ അതൊരു പാരിസ്ഥിതിക ദുരന്തമായി കേരളം മനസ്സിലാക്കിത്തുടങ്ങുന്നതേയുള്ളൂ.

കേരളം ഒരു സ്വാസ്ഥ്യ വലയത്തിനുള്ളിലാണ് (comfort zone) ജീവിക്കുന്നത്. അടിത്തറ ഇളകിപ്പോകുന്നത് നമ്മൾ അറിയുന്നില്ല. ഹൈറേഞ്ചിൽ താമസിക്കുന്നവർ അധികം വൈകാതെ കുടിവെള്ളം കിട്ടാതെ കുടിയിറങ്ങുന്ന കാഴ്ച കേരളത്തിൽ കാണേണ്ടിവരും. സ്വാസ്ഥ്യ വലയത്തിനുള്ളിൽ നിൽക്കുന്നതിനാൽ അതിപ്പോൾ പറഞ്ഞാൽ മനസ്സിലാകില്ല. സ്വാസ്ഥ്യം നഷ്ടമാകുന്നവരാണ് പലയിടങ്ങളിലും ജനകീയ സമരങ്ങളുമായി മുന്നോട്ട് വരുന്നത്.

**തീരുമാനങ്ങളെടുക്കാൻ ഗ്രാമസഭകൾക്ക് അധികാരം നൽകുന്നു എന്നതായിരുന്നു ഗാഡ്ഗിൽ റിപ്പോർട്ടിലെ ഏറ്റവും മാതൃകാപരമായ കാര്യം. എന്താണ് അക്കാര്യത്തിൽ കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ സമീപനം?**

കസ്തൂരിരംഗൻ അത് പൂർണ്ണമായും തള്ളിക്കളയുന്നു. കേന്ദ്രീകൃതമായ സമീപനമാണ് കസ്തൂരിരംഗന്റേത്. അധികാര കേന്ദ്രീകൃതം മാത്രമല്ല, സാമ്പത്തിക കേന്ദ്രീകൃതമായ ചിന്തകൂടിയാണ് അദ്ദേഹം ഇക്കാര്യത്തിൽ പ്രതിഫലിപ്പിക്കുന്നത്. സാമ്പത്തികമായി പ്രാധാന്യമുള്ള ഒരു പ്രദേശത്തെക്കുറിച്ച് തീരുമാനങ്ങളെടുക്കാനുള്ള അധികാരം പഞ്ചായത്തുകൾക്ക് നൽകിയാൽ എങ്ങനെ ശരിയാകും എന്നുതന്നെ അദ്ദേഹം ചോദിക്കുന്നുണ്ട്. How can we entrust? എന്നാണ് റിപ്പോർട്ടിൽ ചോദിച്ചിരിക്കുന്നത്. തദ്ദേ




കാർട്ടൂൺ കടപ്പാട്: ദ ഹിന്ദു

ഗ്രാമസഭയുടെ അധികാരത്തെ കേന്ദ്രീകൃത ഭരണസംവിധാനങ്ങളും രാഷ്ട്രീയ പാർട്ടികളും ചേർന്ന് ദുർബ്ബലീകരിച്ചിരിക്കുന്നു. ദുർബലമായ വാർപ്പുമാതൃകയിലേക്ക് ഗ്രാമസഭയുടെ അധികാരത്തെ ബോധപൂർവ്വം പ്രതിഷ്ഠിക്കുകയാണ് കേരളത്തിലെ രാഷ്ട്രീയപാർട്ടികൾ ചെയ്തത്. ജനപ്രതിനിധികൾ ജനങ്ങളേക്കാൾ അധികാരമുള്ളവരായാണ് പെരുമാറുന്നത്

ശസ്വയംഭരണ സ്ഥാപനങ്ങളെ വിശ്വാസത്തിലെടുക്കാൻ കഴിയുമോ എന്ന് അദ്ദേഹം സംശയിക്കുന്നു. സാമ്പത്തിക കേന്ദ്രീകൃതമായ ഒരു കാഴ്ചപ്പാടിൽ നിന്നുണ്ടാകുന്ന ചോദ്യമാണിത്. മൻമോഹൻ സിംഗിനും അലുവാലിയയ്ക്കും അനുയോജ്യമായ ചിന്ത.

**ഗ്രാമസഭകൾക്ക് അധികാരം നൽകാൻ എന്തുകൊണ്ടാണ് ഭയപ്പെടുന്നത്? ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ മാത്രമുള്ള ഒരിടമായി ഗ്രാമസഭകൾ മാറിയ സാഹചര്യത്തിൽ അധികാരത്തെ ഫലപ്രദമായി വിനിയോഗിക്കാൻ അവയ്ക്ക് കഴിയുമോ?**
ഗ്രാമസഭയുടെ അധികാരത്തെ കേന്ദ്രീകൃത ഭരണസംവിധാനങ്ങളും രാഷ്ട്രീയ പാർട്ടികളും ചേർന്ന് ദുർബ്ബലീകരിച്ചിരിക്കുന്നു. ദുർബലമായ വാർപ്പുമാതൃകയിലേക്ക് ഗ്രാമസഭയുടെ അധികാരത്തെ ബോധപൂർവ്വം പ്രതിഷ്ഠിക്കുകയാണ് കേരളത്തിലെ രാഷ്ട്രീയ പാർട്ടികൾ ചെയ്തത്. ജനപ്രതിനിധികൾ ജനങ്ങളേക്കാൾ അധികാരമുള്ളവരായാണ് പെരുമാറുന്നത്. ജനപ്രതിനിധികളെ അധികാരി വർഗ്ഗമായാണ് ജനങ്ങൾ മനസ്സിലാക്കിയിരിക്കുന്നത്. ആ ധാരണ ഊട്ടിയുറപ്പിക്കുകയാണ് രാഷ്ട്രീയ പാർട്ടികൾ. അധികാരം നൽകിയിട്ടും ഗ്രാമസഭകൾ ശക്തിപ്പെടാതിരിക്കുന്നതിന് കാരണം അതാണ്. ആനുകൂല്യ വിതരണത്തിനായി മാത്രം ഗ്രാമസഭകൾ വിളിച്ചുചേർക്കപ്പെട്ടതോടെ ജനങ്ങളിൽ നിന്നും ഗ്രാമസഭയുടെ അധികാരത്തെക്കുറിച്ചുള്ള ധാരണ തന്നെ മുറിച്ചുമാറ്റപ്പെട്ടു.

തീരുമാനങ്ങളെടുക്കാൻ അധികാരമുള്ള സഭയാണ് ഗ്രാമസഭ എന്ന തരത്തിലുള്ള ശീലം കൊണ്ടുവരാനുള്ള ബോധപൂർവ്വമായ ശ്രമങ്ങളൊന്നും കേരളത്തിലെ രാഷ്ട്രീയ പാർട്ടികളുടെ ഭാഗത്തിനിന്നുമുണ്ടായിട്ടില്ല. പണത്തിന് വേണ്ടി ജനങ്ങൾ കൈനീട്ടി നിൽക്കുന്ന സംവിധാനമാക്കി ഗ്രാമസഭയെ മാറ്റി. ഗ്രാമസഭയിൽ എങ്ങനെ കൂട്ടായ തീരുമാനങ്ങളെടുക്കാം എന്ന തരത്തിൽ ജനങ്ങളെ പരിശീലിപ്പിക്കാനുള്ള ഒരു ചട്ടക്കൂട് പോലും നിർമ്മിക്കാൻ കേരളത്തിന് കഴിഞ്ഞിട്ടില്ല.

അതുകൊണ്ട് തന്നെ തീരുമാനങ്ങളെടുക്കാനുള്ള അവകാശം ഗ്രാമസഭകൾക്ക് നൽകണം എന്ന് ഗാഡ്ഗിൽ റിപ്പോർട്ട് പറയുന്നത് ചിലപ്പോൾ നെഗറ്റീവായും വരും. ഗ്രാമസഭയുടെ തീരുമാനമാണ് നിർണ്ണായകമായി വരുന്നതെങ്കിൽ പഞ്ചായത്തുകൾക്ക് പഞ്ചായത്ത് ഭരണസമിതിക്ക് അക്കാര്യത്തിൽ സന്തോഷമേ ഉണ്ടാകൂ. കാരണം ഗ്രാമസഭയുടെ തീരുമാനത്തെ തങ്ങൾക്ക് അനുകൂലമാക്കി മാറ്റാൻ അവർക്ക് അറിയാം. ഗ്രാമസഭയിൽ ആരെങ്കിലും പഞ്ചായത്ത് ഭരണസമിതിയെ ചോദ്യം ചെയ്താൽ അയാളെ നിശബ്ദനാക്കാൻ കഴിയുന്ന തരത്തിലുള്ള അധികാരം ജനപ്രതിനിധി അയാളുടെ മേൽ പ്രയോഗിക്കും. ജനങ്ങളേക്കാൾ അധികാരമുള്ളയാണ് ജനപ്രതിനിധികൾ എന്ന് ശീലിക്കപ്പെട്ടിരിക്കുന്നതിനാൽ അയാൾ നിശബ്ദനാകും. ഇടിച്ചുതാഴ്ത്തപ്പെട്ട ഈ ഗ്രാമസഭയെ ജനാധികാരത്തിലൂടെ ശക്തിപ്പെടുത്താനുള്ള ശ്രമങ്ങളും പൊതുപ്രവർത്തകരുടെ ഭാഗത്ത് നിന്നും ഉണ്ടാകേണ്ടതുണ്ട്. ■